പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 113

14.6.2012ൽ
മറുപടിയ്ക്ക്

## ഹോട്ടലുകളിലെ വില ഏകീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.സത്യൻ ;<br>ശ്രീ. എസ്. രാജേന്ദ്രൻ ;<br>ശ്രീമതി. കെ.കെ.ലതിക ;<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് തോന്നിയ പോലെ വില ഈടാക്കി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) അവശ്യ വസ്തുക്കൾക്ക് ക്രമാതീതമായി വില കൂടുന്ന സാഹചര്യത്തിൽ ഭക്ഷണ സാധനങ്ങൾക്ക് നേരിയ തോതിൽ വർദ്ധിപ്പിച്ച വില ഈടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. 1977 ലെ കേരളാ ഫുഡ് സ്റ്റഫ്സ് ഓർഡർ (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്സ്) അനുസരിച്ച് ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം വില വിവരം പ്രദർശിപ്പിക്കാത്ത വർക്കെതിരെ അവശ്യ വസ്തു നിയമ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. |
| ബി) ഉപഭോക്താക്കളിൽ നിന്ന് അന്യായ വില ഈടാക്കിയ എത്ര ഹോട്ടലുടമകൾക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ; | ബി) ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള നിയമം ഇപ്പോൾ നിലവിലില്ല. നിലവിലുള്ള നിയമപ്രകാരം വില പ്രദർശിപ്പിക്കണം എന്ന് നിഷ്കർഷിക്കാൻ മാത്രമേ കഴിയുകയുള്ളൂ. ആയതിനാൽ അന്യായമായി വില ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| സി) വില ഏകീകരിക്കാൻ നിയമ നിർമ്മാണം നടത്തണമെന്ന് സർക്കാർ കരുതുന്നുണ്ടോ ; | സി) പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| ഡി) | എല്ലാ ഹോട്ടലുകളിലും വിലവിവര പ്പട്ടിക പ്രദർശിപ്പിക്കുന്നു എന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; | ഡി) | 1977 ലെ കേരളാ ഫുഡ് സ്റ്റഫ്സ് ഓർഡർ (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) പ്രകാരം ഹോട്ടലു കളിൽ വിൽപ്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശി പ്പിക്കേണ്ടതാണ്. ഇത് ഉറപ്പാക്കുന്നതി നായി സിവിൽ സപ്ലൈസ് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരി ശോധന - നടത്തി നിയമലംഘനങ്ങൾക്കെ തിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) | ഭക്ഷണസാധനങ്ങളുടെ വിലവർദ്ധിച്ചു കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാ ണെന്ന് പരിശോധിച്ചിട്ടുണ്ടോ ? | ഇ) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരള ത്തിൽ അവശ്യ വസ്തുക്കളുടെ ആവശ്യ കതയിൽ 85 ശതമാനവും മറ്റ് സംസ്ഥാന ങ്ങളെയോ പൊതുവിതരണ സമ്പ്രദായത്തെ യോ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്നഏതൊരു പ്രതികൂല കാലാവസ്ഥയും കേരളത്തിൽ അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കാ നിടയുണ്ട്. കൂടാതെ ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ വില വർദ്ധ നവ് മൂലം പൊതുവിപണിയിലുണ്ടായ അവശ്യവസ്തുക്കളുടെ വില വർദ്ധനവിന നുസൃതമായി ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വില നേരിയ തോതിൽ വർദ്ധിപ്പിച്ചിട്ടുള്ളതായി കാണുന്നു. |

സെക്ഷൻ ഓഫീസർ